വതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5796 — 09/07/2012 ൽ മറുപടിയ്ക്ക്

എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസ്

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഒരു വില്ലേജ് ആഫീസ് എന്ന നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) റിപ്പോർട്ട് തയ്യാറാക്കുന്നതിന് പരിഗണിക്കേണ്ട വിഷയങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കുമോ?

ഉത്തരം

ശ്രീ. അടൂർ പ്രകാശ്
(റവന്യൂ വകുപ്പ്മന്ത്രി)

(എ) ഉണ്ട്.

(ബി) ഇത് നടപ്പാക്കുന്നതിന്റെ ഭാഗമായിവിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ലാന്റ് റവന്യു കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വില്ലേജ് പുന:സംഘടനയ്ക്ക് അടിസ്ഥാനമായി എടുത്തിട്ടുള്ള മാനദണ്ഡങ്ങളായ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, വികസനസാധ്യത, യാത്രാസൗകര്യം, ഭൂപ്രകൃതിഅനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ താൽപര്യം, ഭരണപരമായ സൗകര്യം എന്നീ മാനദണ്ഡങ്ങൾക്കൊപ്പം അതിനാവശ്യമായ സാമ്പത്തിക ബാദ്ധ്യതയും പരിഗണിക്കേണ്ട വിഷയങ്ങളാണ്.

സെക്ഷൻ ഓഫീസർ